## നവംബർ 2016

**"..........ദൈവമേ, പാപിയായ എന്നിൽ കനിയണമേ "**

**................................................ ലൂക്കാ 18: 13 ........................................................**

### വിചിന്തനം

"ദൈവമേ, പാപിയായ എന്നിൽ കനിയണമെ" എന്ന പ്രാർത്ഥന നാം പലപ്പോഴും കേൾക്കുകയോ ചൊല്ലുകയോ ചെയ്തിട്ടുണ്ട്. വളരെ ലളിതവും എന്നാൽ ശക്തവുമായ ഈ പ്രാർത്ഥന അനുതാപിക്ക് കരുണയും കൃപയും ലഭ്യമാക്കുന്നു. ഈ പ്രാർത്ഥന, യേശു ദേവാലയത്തിൽ വച്ചു പറഞ്ഞ ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമയിലേതാണ്. കരുണ എപ്രകാരം പാപികളെ നീതികരിക്കുകയും പുനസ്ഥാപിക്കുകയും ചെയ്യുമെന്നു വിശദീകരിക്കാനാണ് യേശു ഈ ഉപമ ഉപയോഗിക്കുന്നത്.

"തങ്ങൾ നീതിമാൻമാരാണ് എന്ന ധാരണയിൽ തങ്ങളിൽത്തന്നെ ആശ്രയിക്കുകയും മറ്റുള്ളവരെ പുഛിക്കുകയും ചെയ്യുന്നവരോട്" (18:9) ആണ് യേശു ഈ ഉപമ പറഞ്ഞതെന്നത് ശ്രദ്ധേയമാണ്. തങ്ങൾ നീതിമാൻമാരാണെന്നു കരുതുക മാത്രമല്ല, കരുണ അർഹിക്കുന്നില്ലായെന്ന് അവർ തീരുമാനിച്ചവരെ അവർ വെറുക്കുക കൂടി ചെയ്തു.

ഉപമയിൽ രണ്ടു മുഖ്യകഥാപാത്രങ്ങളുടെ പ്രാർത്ഥന നാം കാണുന്നു; അവരുടെ വിഭിന്നമായ മനോഭാവങ്ങളിലേക്ക് യേശു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ചുങ്കക്കാരനു ദൈവത്തെ അഭിമുഖീകരിക്കാനുള്ള ധൈര്യം ഇല്ല. കാരണം തന്റെ പാപാവസ്ഥയെക്കുറിച്ച് അയാൾ തീർത്തും ബോധവാനാണ്. എന്നാൽ ഫരിസേയനാവട്ടെ, തന്റെ നീതിനിഷ്ഠ ഉയർത്തിക്കാട്ടുകയും നിഷ്ക്കർഷയോടെയുള്ള തന്റെ മതാനുഷ്ഠാനത്തെക്കുറിച്ചു വീമ്പ് പറയുകയും ചെയ്യുന്നതിനു പുറമെ തന്നെ ചുങ്കക്കാരനോട് താരതമ്യപ്പെടുത്തി അയാളെ പുഛിക്കുകയും ചെയ്യുന്നു. ചുങ്കക്കാരൻ സ്വയം വിനയാന്വിതനായി കരുണയ്ക്കുവേണ്ടി യാചിച്ചു; അത് അയാൾക്കു ലഭിച്ചു (18:14 എ) അയാളുടെ വിനയംമൂലം അയാൾ ദൈവത്താൽ നീതികരിക്കപ്പെട്ടു.

യേശു തുടർന്നു പറയുന്നു; "തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടുകയും തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും" (14). കർത്താവിന്റെ മുമ്പിൽ തന്നെത്തന്നെ താഴ്ത്തുന്നവന്റെ മേലാണ് ദൈവകരുണ വർഷിക്കപ്പെടുന്നതെന്ന് വ്യക്തമാണ്.

നമ്മുടെ മനോഭാവം എന്തെന്നു പരിശോധിക്കുന്നത് പ്രസക്തമായിരിക്കും. ഉപമയിലെ ഫരിസേയനോടോ ചുങ്കക്കാരനോടോ, ആരോടാണ് എന്നെ താരതമ്യം ചെയ്യുക? ഞാൻ ചുങ്കക്കാരനെപ്പോലെയാണ് എന്നു വാദിച്ചേക്കാം. എന്നിരുന്നാലും യഥാർത്ഥത്തിൽ നമ്മിൽ മിക്കവരും ചുങ്കക്കാരനെപ്പോലെ പ്രാർത്ഥിക്കുന്ന ഫരിസേയനെപ്പോലെയാണ്. ബാഹ്യമായ പെരുമാറ്റത്തിലും പ്രാർത്ഥനയിലും നാം ചുങ്കക്കാരനെപ്പോലെയായിരിക്കാം; എന്നാൽ അകമേ നാം ഫരിസേയ മനോഭാവക്കാരാണ്. നമുക്കു ചുറ്റുമുള്ളവരോടു നമ്മെത്തന്നെ താരതമ്യം ചെയ്യാനുള്ള പ്രവണത നമുക്കുണ്ട്; മാത്രമല്ല മറ്റു പലരേക്കാളും മെച്ചപ്പെട്ടവരാണെന്ന വസ്തുതയിൽ നിർവൃതിയടയും; നമ്മുടെ പാപങ്ങൾ മറ്റുള്ളവരുടെയത്ര ഗൗരവമുള്ളതല്ല, കൗദാശികവും മതാത്മകവുമായ ജീവിതത്തിൽ നാം മറ്റുള്ളവരെക്കാളും മെച്ചമാണ്, നിഷ്ഠയുള്ളവരാണ് എന്നൊക്കെയാവും നമ്മുടെ ധാരണ.

ഈ മനോഭാവത്തിന്റെ കാര്യത്തിൽ അതീവ ജാഗ്രത പുലർത്താൻ ആണ് യേശു നമ്മോട് ആവശ്യപ്പെടുന്നത്. ദൈവകരുണ തത്ക്ഷണമാണ്. എളിമയോടെ ദൈവത്തിന് അർപ്പിക്കുന്ന ലളിതവും ഹൃദയംഗമമായ പ്രാർത്ഥന നമ്മുടെ ജീവിതത്തിലേക്ക് കൃപയും കരുണയും ഒഴുക്കുന്നു. പൊതുവെ 'ജീസസ് പ്രെയർ' എന്നറിയപ്പെടുന്ന ഈ വാക്യത്തിന്റെ മനോഹാരിത അത് പൂർണ്ണമായും ദൈവകേന്ദ്രീകൃതമാണെന്നതിലാണ്. പ്രാർത്ഥകന്റെ ശ്രദ്ധയത്രയും കരുണ നിറഞ്ഞ ദൈവപിതാവിലാണ്. അവിടത്തെ കരുണയാൽ ഉടുപ്പിക്കപ്പെട്ട പ്രാർത്ഥകൻ തീവ്രമായി ആഗ്രഹിക്കുന്നു. അത് എപ്പോൾ വേണമെങ്കിലും പ്രാർത്ഥിക്കാം; നീ പാപത്തിന്റെ ചെളിക്കുണ്ടിലായിരിക്കുമ്പോഴോ, വിശ്വാസത്തിൽ സ്ഥിരതയോടെ മുന്നേറുമ്പോഴോ ആവാം. കാരണം നമ്മുടെ ജീവിതത്തിലെ എല്ലാ നിമിഷങ്ങളിലും ദൈവത്തോടു നമ്മെ ചേർത്തുനിർത്തുന്നതിനും അവിടത്തെ സ്നേഹത്തിൽ വേരൂന്നി വളരുന്നതിനും നമുക്ക് അവിടത്തെ കരുണ വേണം.

ദൈവം നമ്മോടു കാട്ടുന്ന വലിയ കരുണ ധ്യാനിച്ചുകൊണ്ട് നാം കരുണയുടെ വർഷം ആഘോഷിക്കുമ്പോൾ നമ്മുടെ മനോഭാവത്തേയും പ്രാർത്ഥനകളേയും കുറിച്ച് നമുക്ക് കൂടുതൽ ശ്രദ്ധാലുക്കളാകാം. നമുക്ക് കരുണ ഏറെയാവശ്യമാണെന്ന ബോധ്യത്തോടെ നമ്മുടെ പ്രാർത്ഥനകൾ വിനയപൂർവ്വം ദൈവവുമായി നടത്തുന്ന ഹൃദയംഗമമായ സംഭാഷണങ്ങളാവട്ടെ. നമ്മോടും നമുക്കു ചുറ്റുമുള്ളവരോടും നമുക്കു കരുണയുള്ളവരാകാം. കരുണയുടെ അസാധാരണ ജൂബിലി വർഷം നവംബർ 20 ന് സമാപിക്കുമ്പോഴും, നമ്മുടെ കരുണായാത്ര തുടരുന്നു; നമ്മുടെ ജീവിതത്തിന്റെ നാളുകൾ ദൈവത്തിന്റെ അചഞ്ചല സ്നേഹം ആസ്വദിക്കാനും ചുറ്റുപാടും ആ സ്നേഹത്തിനു സാക്ഷ്യം വഹിക്കാനും വേണ്ടി നമ്മെത്തന്നെ സ്വതന്ത്രരാക്കിക്കൊണ്ട് തുടരാം.

## വിശുദ്ധ മൊഴി

വിശുദ്ധ ഫ്രാൻസിസ് ദ് സാലസ്

ദൈവത്തെ സ്നേഹിക്കാൻ ആഗ്രഹിക്കുന്നവർക്കും അവിടന്നിൽ തങ്ങളുടെ പ്രത്യാശ അർപ്പിക്കുന്നവർക്കും അവിടന്ന് കരുണാമയനാണ്.

## മാർപാപ്പയുടെ മൊഴികൾ

ചുങ്കക്കാരൻ - മറ്റേയാൾ - ദേവാലയത്തിൽ പ്രാർത്ഥിക്കാൻ എത്തിയത് വിനയത്തോടും അനുതാപത്തോടും കൂടിയാണ്: "ദൂരെ നിന്ന് സ്വർഗ്ഗത്തിലേക്കു കണ്ണുകൾ ഉയർത്താൻ പോലും ധൈര്യപ്പെടാതെ, മാറത്തടിച്ചുകൊണ്ട്" (13) അയാളുടെ പ്രാർത്ഥന ഹ്രസ്വമായിരുന്നു; "ദൈവമേ, പാപിയായ എന്നിൽ കനിയണമേ" കൂടുതലായൊന്നുമില്ല. മനോഹരമായ ഒരു പ്രാർത്ഥന. ഫരിസേയന്റേത് ദൈർഘ്യമുള്ളതും. വൈദേശിക ഭരണാധികാരികൾക്ക് കീഴ്പ്പെട്ട് ചുങ്കക്കാരെന്ന് അറിയപ്പെട്ടിരുന്ന നികുതി പിരിവുകാരെ അശുദ്ധരായാണ് സമൂഹം വീക്ഷിച്ചിരുന്നത്. "പാപികളുമായി" ബന്ധപ്പെട്ടിരുന്ന അവരെ ജനം വെറുത്തിരുന്നു. ഒരുവൻ നീതിമാനോ  പാപിയോ ആകുന്നത് അവന്റെ സാമൂഹിക നില മൂലമല്ലെന്നും അവൻ ദൈവവുമായും സഹോദരീസഹോദരന്മാരുമായും  ബന്ധപ്പെടുന്ന രീതി മൂലമാണെന്നും ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു. ചുങ്കക്കാരന്റെ അനുതാപത്തിന്റെ ചേഷ്ടകളും ചുരുക്കം ചില വാക്കുകളും തന്റെ ശോച്യമായ അവസ്ഥയെക്കുറിച്ചുള്ള അവന്റെ അവബോധത്തിനു സാക്ഷ്യം വഹിക്കുന്നു. അവന്റെ പ്രാർത്ഥന കലർപ്പില്ലാത്തതാണ്. താഴ്മയിൽ നിന്നാണ് അവൻ പ്രവർത്തിക്കുന്നത്; കരുണ ആവശ്യമുള്ള ഒരു പാപിയാണു താൻ എന്നതു മാത്രമെ അവന് ഉറപ്പുള്ളു. തനിക്ക് എല്ലാമുള്ളതുകൊണ്ട് ഫരിസേയൻ ഒന്നും ആവശ്യപ്പെടുന്നില്ല; ചുങ്കക്കാരന് ദൈവ കരുണ മാത്രമെ വേണ്ടൂ. ദൈവകരുണ യാചിക്കുക; അത് ഏറ്റവും മനോജ്ഞമാണ്. "ഒഴിഞ്ഞ കരങ്ങളോടെ", തുറന്ന ഹൃദയത്തോടെ ദൈവാലയത്തിൽ നിന്ന അയാൾ, താൻ പാപിയാണ് എന്ന് ഏറ്റുപറഞ്ഞു. കർത്താവിന്റെ മാപ്പേകൽ സ്വീകരിക്കുന്നതിന് ആവശ്യമായ എല്ലാ വ്യവസ്ഥകളും ആ ചുങ്കക്കാരൻ നമുക്കു കാട്ടിത്തരുന്നു. ഒടുവിൽ, നിന്ദിതനായ അയാളാണ് യഥാർത്ഥ വിശ്വാസിയുടെ പ്രതീകമായിത്തീരുന്നത്.

വിധി പ്രഖ്യാപിച്ചുകൊണ്ട് യേശു ഉപമ അവസാനിപ്പിക്കുന്നു: "ഞാൻ നിങ്ങളോടു പറയുന്നു, ഇവൻ ആ ഫരിസേയനെക്കാൾ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങി. എന്തെന്നാൽ, തന്നെ ത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും." (14) ഇവരിൽ ആരാണ് ദൂഷിതൻ? ഫരിസേയൻ, പ്രാർത്ഥിക്കുന്നെന്നു നടിക്കുകയും എന്നാൽ കണ്ണാ ടിയുടെ മുമ്പിൽ അഭിനയിക്കാൻ മാത്രം കഴിയുന്ന ഒരു ദുഷിച്ച വ്യക്തിയുടെ പ്രതീകമാണ് ഈ ഫരി സേയൻ. അയാൾ ദൂഷിതനാണ്, പ്രാർത്ഥിക്കുന്നതായി നടിക്കുന്നു. സ്വയം നീതിമാനെന്നു കരുതു കയും മറ്റുള്ളവരെ വിമർശിക്കുകയും പുഛിക്കുകയും ചെയ്യുന്ന ഏതൊരുവനും ദുഷിച്ചവനും കപട നാട്യക്കാരനുമാണ്. അഹങ്കാരം എല്ലാ നല്ല പ്രവൃത്തിയെയും നിഷ്പ്രഭമാക്കുന്നു; പ്രാർത്ഥനയെ പൊള്ള യാക്കുന്നു; ദൈവത്തിൽ നിന്നും മറ്റുള്ളവരിൽ നിന്നും അകറ്റുന്നു.

ഫ്രാൻസിസ്പാപ്പ 2016 ജൂൺ ഒന്ന്.

## കാരുണ്യപ്രവൃത്തികൾ

ഉപദ്രവങ്ങൾ ക്ഷമിക്കുന്നത്, തെറ്റുചെയ്യുന്നവരെ തിരുത്തുന്നത്.

ഫരിസേയന്റേതുപോലെ നമ്മുടെ പ്രാർത്ഥനകളും സ്വാർത്ഥത നിറഞ്ഞതാകുമ്പോൾ, നമ്മുടെ സ്വാർത്ഥതയെ താക്കീതു ചെയ്യുന്നവകൊണ്ടാവും ദൈവവും നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുക. ആത്മീയാഹങ്കാരമാണ് പിതാവിന്റെ കരുണയിൽ നിന്ന് നമ്മെ അകറ്റുന്ന ഏറ്റവും ഹീനമായ പാപം. ഈ ഉപമ ധ്യാനിച്ചുകൊണ്ട്, നമ്മുടെ ആത്മീയ വളർച്ച നമ്മെ അഹങ്കാരികളും മറ്റുള്ളവരെ വിമർശി ക്കുന്നവരുമാക്കിത്തീർത്തിട്ടുണ്ടോയെന്ന് നമുക്ക് പ്രാർത്ഥനാപൂർവം ആത്മശോധന ചെയ്യാം. നാം പല പ്പോഴും മറ്റുള്ളവരെ വിധിക്കാറുണ്ടോ? മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കാനും, കർത്താവിന്റെ കരുണ യിൽ നിമഗ്നമാകുന്നതിനായി അവിടത്തെ മുമ്പിൽ കുമ്പിടാനുമുള്ള കൃപയ്ക്കായി യാചിക്കാം. വിധി ക്കൽ, ഔദ്ധത്യം, ശിക്ഷാവിധി എന്നിവയിൽ നിന്നും സ്വയം വിട്ടുനിൽക്കാനും ഓരോ വ്യക്തിയിലെയും നന്മ അംഗീകരിക്കാനും നമുക്കു പരിശ്രമിക്കാം.

നമുക്കൊരുമിച്ചു പ്രാർത്ഥിക്കാം: ദൈവമേ, പാപിയായ എന്നിൽ കനിയണമെ.
ദൈവമേ സ്തുതി, ദൈവമേ നന്ദി
ഏറ്റവും അനുകരണീയായ പരിശുദ്ധ മാതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.